**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1307** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം കാരണം വിനോദസഞ്ചാര വ്യവസായത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനും പ്രസ്തുത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (എ) | കോവിഡ് കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് കാരണം ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായി ചേർന്ന് ചീഫ് മിനിസ്റ്റേഴ്സ് ലോൺ അസിസ്റ്റന്റ്സ് സ്കീം (CMTLAS) എന്ന പദ്ധതി പ്രകാരം ടൂറിസം വർക്കിംഗ് ക്യാപിറ്റൽ ലോൺ സ്കീം, ടൂറിസം എംപ്ലോയിസ് സ്കീം എന്നിങ്ങനെ വായ്പകൾ ലഭ്യമാക്കിയിട്ടുണ്ട്. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ ലോൺ സ്കീം വഴി ടൂറിസം സംരംഭകർക്ക് 25 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതിനും ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി 30,000 രൂപ വരെ ചെറുകിട വായ്പകളും ലഭ്യമാക്കിയിട്ടുണ്ട്. ഈ രണ്ടു പദ്ധതികൾ അനുസരിച്ച് വായ്പയുടെ 50% പലിശ സർക്കാർ നൽകി വരുന്നു. ഇതുകൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളിക്കും പതിനായിരം രൂപ വരെ പലിശരഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്.<br><br>കൂടാതെ ടൂറിസം മേഖലയിൽ പുതിയ ഉത്പന്നമായി കാരവൻ ടൂറിസം അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. കാരവൻ വാഹനങ്ങൾ വാങ്ങുന്ന സംരംഭകർക്ക് സബ്സിഡി നൽകി വരുന്നുണ്ട്. കാരവനും കാരവൻ പാർക്കുകളും |

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കുന്നതിനും അവർക്ക് അംഗീകാരം നൽകുന്നതിനും കാരവൻ ടൂറിസം നയം വിഭാവനം ചെയ്യുന്നു. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ നിന്നും കേരളാ ടൂറിസം കരകയറിയതിന്റെ സൂചനയാണ് ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കാണിക്കുന്നത്.<br><br>ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെ പറയുന്ന പ്രചരണ പരിപാടികൾ എല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽ കണ്ടാണ്.<br><br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br>• ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ<br>• പ്രിന്റ് മീഡിയ ക്യാമ്പയിൻ<br>• സമ്മർ ഹോളിഡേ ക്യാമ്പയിൻ<br>• കേരള ഡ്രൈവ് ഹോളിഡെയ്സ്<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻ<br>• ഹണിമൂൺ ഹോളിഡെയ്സ്<br>• കാരവൻ ടൂറിസം പ്രമോഷൻ<br>• ചെഞ്ച് ഓഫ് എയർ ക്യാമ്പയിൻ<br>• ഫാം ട്രിപ്പുകൾ<br>• വിവിധ ദേശീയ അന്തർ ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം |

സെക്ഷൻ ഓഫീസർ